## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 356 — 02.12.2014-ൽ മറുപടിയ്ക്ക്

# കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി.

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. എ. എ. അസീസ് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാത്ത എത്ര നിയോജക മണ്ഡലങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) & (ബി) | മണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല. കേരളത്തിലെ ഗ്രാമീണ ഭവനങ്ങളുടെ വൈദ്യുതീകരണം ലക്ഷ്യമാക്കി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ. ജി. ജി. വി. വൈ പദ്ധതി ഇടുക്കിയിൽ 2010-ൽ തന്നെ പൂർത്തീകരിച്ചിട്ടുള്ളതും, ശേഷിക്കുന്ന 13 ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കി വരികയുമാണ്. എല്ലാ ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിൻെറ ഭാഗമായി 2014 നവംബർ 30 വരെ രജിസ്റ്റർ ചെയ്യുന്ന ബി. പി. എൽ വിഭാഗക്കാരുടെ വീടുകൾക്ക് ഓവർഹെഡ് ലൈനുകൾ ഉൾപ്പെടെ വലിച്ച് സൗജന്യമായും എ. പി. എൽ വിഭാഗക്കാരുടെ 1000 ച. അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്കും, ഓവർ ഹെഡ് ലൈൻ സൗജന്യമായി വലിച്ച് വെതർപ്രൂഫ് ഭാഗത്തിനുള്ള ചെലവ് മാത്രം ഈടാക്കിക്കൊണ്ടും, കണക്ഷൻ നല്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച സംസ്ഥാനമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.